# ഹാ! വെള്ളിച്ചരട് അറ്റുപോയി!! പൊൻകിണ്ണം തകർന്നു!!!

ഡോ. എം. കുര്യൻ തോമസ്

അങ്ങിനെ അവസാനം ലാസ്റ്റില് അത് സംഭവിച്ചു. 1975 ഓഗസ്റ്റ് 21-ന്, അന്ത്യോഖ്യയുടെ ഇഗ്നാത്തിയോസ് യാക്കൂബ് ത്രിതീയൻ പാത്രിയർക്കീസ്, തന്റെ 360/75-ാം നമ്പർ കല്പനപ്രകാരം പൗരസ്ത്യ കാതോലിക്കാ പ. ബസേലിയോസ് ഔഗേൻ പ്രഥമനെയും തുടർന്ന് ഓർത്തഡോക്സ് സഭയിലെ ഇതര വൈദീകസ്ഥാനികളേയും മുടക്കി. അത് 2020 ഓഗസ്റ്റ് 20-ന് പുത്തൻകുരിശിൽ ചേർന്ന "*യാക്കോബായ സഭയുടെ പ്രാദേശിക സുന്നഹദോസ്*" നിലവിൽ വരുത്തി എന്നു പ്രസ്താവന ഉണ്ടായി. ഇപ്പോൾ ഈ മുടക്ക് പ്രാബല്യത്തിൽ വരുത്താനുള്ള "*തിരുവെഴുത്തു വിളംബരം*" പുറപ്പെട്ടു കഴിഞ്ഞു. Mt - 5/2020-ാം നമ്പറായി പുത്തൻകുരിശ് പാത്രിയർക്കാ സെന്ററിൽനിന്നും Catholicate of Jacobite Syrian Christian Church -ന്റെ ലെറ്റർപാഡിൽ ബസേലിയോസ് തോമസ് പ്രഥമൻ 2020 ഒക്ടോബർ 26-ാം തീയതി പുറപ്പെടുവിച്ചതായി നവമാദ്ധ്യമങ്ങളിൽ പ്രചരിക്കുന്ന കല്പനയിലാണ് മലങ്കര സഭയെ "*കെടാത്ത തീയും ചാകാത്ത പുഴുവുമുള്ള*" പുറത്തെ അന്ധകാരത്തിലേയ്ക്കും നിത്യനരകത്തിലേയ്ക്കും തള്ളുന്ന നിർദ്ദേശങ്ങൾ ഉൾക്കൊള്ളുന്നത്. ഇന്ന് (29-10-2020) മാതൃഭൂമി ദിനപ്പത്രം ഈ വാർത്ത പ്രസിദ്ധീകരിച്ചിരിക്കുന്നതിനാൽ സംഭവം സത്യം തന്നെയെന്നു കരുതണം. അതോടെ ഓർത്തഡോക്സ്കാർക്ക് സഭാപ്രസംഗി പറയുന്നതുപോലെ "*വെള്ളിച്ചരട് അറ്റുപോയി; പൊൻകിണ്ണം തകർന്നു.*"

മാർത്തോമ്മശ്ലീഹായ്ക്ക് "*കഹനൂസോ*" പോയിട്ട് "*കഹ്യാരുസോ*" പോലും ഇല്ലായിരുന്നു എന്നു വിധിച്ച യാക്കൂബ് ത്രിതീയൻ പാത്രിയർക്കീസിന്റെ കുപ്രസിദ്ധമായ 203/70-ാം നമ്പർ കല്പന "*പടച്ചത്*" അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ അന്നത്തെ ആസ്ഥാനമായ ബേയ്റൂട്ടിലല്ല; മറിച്ച് കോട്ടയത്തിന് 15 കിലോമീറ്റർ ചുറ്റളവിലാണന്ന് അക്കാലത്ത് പ്രബലമായ ഒരു സംസാരം ഉണ്ടായിരുന്നു. ഇത്തവണ സംശയിക്കാനൊന്നുമില്ല. ഇത് പക്കാ പുത്തൻകുരിശ് സൃഷ്ടിയാണന്ന് അതിൽത്തന്നെ പറയുന്നുണ്ട്.

"*ഓർത്തഡോക്സ് വിഭാഗവുമായുള്ള കൗദാശിക ബന്ധങ്ങൾ*" സംബന്ധിച്ച് മെത്രാപ്പോലീത്താമാർക്കയച്ച ഈ കല്പനയിലെ പ്രസക്ത നിർദ്ദേശങ്ങൾ വിവാഹം മൂറോൻ എന്നിവയെ സംബന്ധിച്ചാണ്. മലങ്കര സഭയിലെ വൈദീകർക്ക് പട്ടമില്ലാ എന്നും, അതിനാൽ അവർ നടത്തുന്ന കൂദാശകൾ സാധുവല്ലാ എന്നും ധ്വനിപ്പിക്കുവാനാണ് മൂറോൻ ആയുധമാക്കിയിരിക്കുന്നത്. വധൂവരന്മാർക്ക് വീണ്ടും മൂറോൻ പൂശണമെന്നു നിബന്ധന വെച്ചിരിക്കുകയാൽ സാധുത്വമില്ലായ്മയ്ക്ക് 1975 മുതൽ മുൻകാല പ്രാബല്യമുണ്ടെന്നു വ്യക്തമാണ്.

കശുമാങ്ങാ, വവ്വാൽ, നീർനായ എന്നിവപോലെ "*പടച്ചോൻ പടയ്ക്കണ്ടേത്*" വല്ലോനും പടച്ചാൽ ഉണ്ടാകുന്ന തൊന്തിരിവും "*ആകാരോ ഹൃസ്വ*" ആയ ടി. കല്പനയിൽ ഉണ്ട്. സഭകൾ തമ്മിലുള്ള കൗദാശിക ബന്ധങ്ങൾ, മൂറോൻ എന്നിവയെപ്പറ്റി ഈ കൽപ്പന പടച്ചുണ്ടാക്കിയവർക്ക് അംഗനവാടി വിദ്യാഭ്യാസം പ്രദാനം ചെയ്യുന്ന അടിസ്ഥാന ജ്ഞാനം പോലുമില്ലന്നത് ഈ തിരുവെഴുത്ത് വ്യക്തമാക്കുന്നുണ്ട്.

നിലവിൽ കൗദാശിക ബന്ധം ഇല്ലാത്ത സഭകളിൽ നിന്നും സ്വീകരിച്ച കൂദാശകളെപ്പറ്റി വ്യക്തമായ കാഴ്ചപ്പാട് ഓർത്തഡോക്സ് സഭകൾക്കുണ്ട്. റോമൻ കത്തോലിക്കാ, നെസ്തോറിയൻ സഭകളുമായി ഓർത്തഡോക്സ് സഭകൾക്ക് കൂദാശാ ബന്ധം ഇല്ല. ബൈസെന്റൈൻ സഭകളുമായും ഇല്ല. പക്ഷേ ആ സഭകളിൽ ഉൾപ്പെട്ട ഒരാൾ സ്വീകരിച്ച കൂദാശകൾ - മാമോദീസാ, സ്തിരീകരണം (Confirmation - വി. മൂറോനഭിഷകം) പട്ടത്വം ഇവ ഒരു കാരണവശാലും ആവർത്തിക്കില്ല. അതായത്, ഈ സഭകളിൽനിന്നും ഓർത്തഡോക്സ് സഭകളിലേയ്ക്ക് കടന്നുവരുന്നവർക്ക് അവർ സ്വീകരിച്ച ഒരു കൂദാശയും - മാമോദീസാ, മൂറോൻ, പട്ടത്വം - ഇവ ആർത്തിയ്ക്കാൻ പാടില്ല. ചെയ്യാറുമില്ല. റോമൻ കത്തോലിക്കാ, നെസ്തോറിയൻ സഭകളും ഇതേ നയം പിന്തുടരുന്നു. പരസ്പരം കുർബാന ബന്ധം ഇല്ലാത്ത ഓറിയന്റൽ - ബൈസന്റിയൻ സഭകളും ഇത് പിന്തുടരുന്നു. എന്നാൽ ഇവരാരും ഓർത്തഡോക്സ് സഭാ വിശ്വാസത്തിലേയ്ക്കു കടന്നുവന്നശേഷം മാതൃസഭയിൽനിന്നും ഇവയടക്കമുള്ള കൂദാശകൾ സ്വീകരിക്കൻ അനുവദിക്കുന്നുമില്ല.

“*ഓർത്തഡോക്സ് വിഭാഗവുമായുള്ള കൗദാശിക ബന്ധങ്ങൾ*” നിയമപരമായി നിലവിൽ ഇല്ലാത്ത “*ജാക്കബൈറ്റ് സിറിയൻ ക്രിസ്ത്യൻ സഭ*” വിച്ഛേദിച്ചതിനെ ഈ ലേഖകൻ ചോദ്യം ചെയ്യുന്നില്ല. അതവരുടെ ആഭ്യന്തര കാര്യം. പക്ഷേ യാതൊരു യുക്തിക്കും നിരക്കാത്ത ഇത്തരം വേദശാസ്ത്ര വികൽപ്പങ്ങൾക്ക് എന്തിനും ഏതിനും വ്യാഖ്യാനവും നേതൃത്വവും നൽകുന്ന, അന്തർദേശീയ അംഗീകാരമുണ്ടന്ന് സ്വയം അവകാശപ്പെടുന്ന, അവരുടെ ചില വേദശാസ്ത്രജ്ഞന്മാർ യുക്തിപരമായ മറുപടി നൽകാൻ ബാദ്ധ്യസ്ഥരാണ്. ശാസ്ത്രീയമായ ഒരു വിശദീകരണം നൽകാൻ അവർക്കു സാദ്ധ്യമല്ല എന്നത് അവർക്കു തന്നെ അറിയാവുന്ന യാഥാർത്ഥ്യം.

“*കല്ലേപ്പിളർക്കുന്ന*” ശ്രേഷ്ഠകല്പന അവിടെ നിൽക്കട്ടെ, ഒരു സംശയം ബാക്കി നിൽക്കുന്നു. വി. മൂറോൻ വഴി പ. സഭയിൽ അംഗമായവർക്കു മാത്രമേ പട്ടം കൊടുക്കാനാവു. അപ്രകാരമല്ലാതെ നൽകുന്ന വൈദീക സ്ഥാനങ്ങൾ സാധുവല്ല. മലങ്കര നസ്രാണികളുടെ പാരമ്പര്യമനുസരിച്ച് മാതാവിന്റെ ഇടവകപ്പള്ളിയിലാണ് ആദ്യ സന്തതിയെ മാമോദീസാ മുക്കുന്നത്. അല്ലെങ്കിൽ പരുമല പോലുള്ള തീർത്ഥാടന കേന്ദ്രങ്ങളിൽ. 1975-നു ശേഷം അപ്രകാരം മലങ്കര സഭയിൽ മാമോദീസാ മുഴുകി മൂറോനഭിഷേകം പ്രാപിച്ച അനേകർ ഇന്ന് മുൻ യാക്കോബായ വിഭാഗത്തിലെ വൈദീകരായുണ്ട്. അവർക്ക് വീണ്ടും മൂറോനഭിഷേകം നടത്തി, അഴിച്ചു പട്ടം കൊടുത്ത് അവരുടെ പട്ടത്വം ക്രമപ്പെടുത്തുമോ? അല്ലെങ്കിൽ അവരോടും അവരുടെ പട്ടത്വത്തെ വിശ്വസിച്ച് അവരിൽ നിന്നും കൂദാശകൾ സ്വീകരിച്ചുവരുന്ന “*അന്ത്യോഖ്യാ വിശ്വാസികളോടും*” ചെയ്യുന്ന അക്രമമല്ലേ? ഒരു നൂറ്റാണ്ടുമുമ്പ് പിന്നീട് മുൻ പാത്രിയർക്കീസ് വിഭാഗം മെത്രാൻ ആയ ഒരാൾ കാനോനികമായി മാമോദീസാ സ്വീകരിച്ച ശേഷമല്ല കോറൂയോ ആയത് എന്നറിഞ്ഞപ്പോൾ തന്റെ പഴയ സെമിനാരി പഠനകാലത്ത് മാമോദീസാ മുക്കി മൂറോനഭിഷേകം നൽകിയ ശേഷം ശെമ്മാശപട്ടം നൽകിയ ചരിത്രം നിലവിലുണ്ട്.

മൂറോന്റെ കാര്യം പറഞ്ഞാൽ ഒത്തിരി പഴയ കഥ പറയാനുണ്ട്. 1876-ൽ മലങ്കരയിൽവച്ച് താൻ കൂദാശ ചെയ്ത മൂറോൻ, കാനോൻ നിയമത്തിനു തികച്ചും വിരോധമായി വിപണന വസ്തു ആക്കിയതിനാണ് സഹയാത്രികനായ അബ്ദുള്ളാ മാർ ഗ്രീഗറിയോസ് മെത്രാനെ പത്രോസ് ത്രിതീയൻ പാത്രിയർക്കീസ് മുടക്കിയത്. അതേ അബ്ദുള്ളാ മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ പിന്നീട് അബ്ദുള്ളാ ദ്വിതീയൻ പാത്രിയർക്കീസായി മലങ്കരയിലെത്തി 1910-ൽ വി. മൂറോൻ കൂദാശ നടത്തി. ആ മൂറോനും സ്വയം “*കച്ചവടം നടത്തി*” എന്നും, അത് എത്തിച്ചേർന്നത് അനർഹരുടെ കൈയ്യിലാണന്നും ഉള്ള രേഖാധിഷ്ഠിതമായ ആരോപണം നിലവിലുണ്ട്. പിന്നീട് സഖാ പ്രഥമൻ ബാവായെക്കൊണ്ട് വേദവിപരീതികൾക്ക് മൂറോൻ നൽകിക്കാൻ ശ്രമിച്ചു എന്നും, അതിനുശേഷം സമീപകാലത്ത് ഭീമമായ വിലവാങ്ങി പെന്തക്കോസ്ത് പാസ്റ്റർക്ക് വിറ്റു എന്നുമുള്ള ആരോപണങ്ങൾക്ക് മറുപടി പറയേണ്ടത് അതിൽ “*തരകു പറ്റി*” എന്നു സമൂഹത്താൽ ആരോപിക്കപ്പെടുന്ന, “*ബുദ്ധിജീവി*” എന്നു സ്വയം അഭിമാനിക്കുന്ന, മെത്രാനും കൂട്ടരുമാണ്. അത്രയുമേ ഉള്ളു “*ജാക്കബൈറ്റ് സിറിയൻ ക്രിസ്ത്യൻ സഭ*”യുടെ പരിശുദ്ധ മൂറോനെപ്പറ്റിയുള്ള കാഴ്ച്ചപ്പാട്. അതിനവരെ കുറ്റം പറഞ്ഞിട്ടു കാര്യമില്ല. വ്യാപാരത്താൽ തലന്തുകൾ വർദ്ധിപ്പിച്ചവർ എന്നാണല്ലോ സുറിയാനി പാരമ്പര്യത്തിൽ ഉത്തമ ആചാര്യന്മാരെ വിശേഷിപ്പിക്കുന്നത്. അതിനൊന്നും തൽക്കാലം സമയമോ യാഗ്യതയോ ഇല്ലാത്തവർ അതീവ ലാഭകരമായ മൂറോൻ കച്ചവടം നടത്തി ലാഭമുണ്ടാക്കും! അതിലെന്താ തെറ്റ്?

തുടർച്ചയായി വിശുദ്ധ മൂറോനെ വിപണന വസ്തുവാക്കിയവർ ഇന്നതിനെ മലങ്കര സഭയെ ഭീഷണിപ്പെടുത്താനുള്ള ആയുധമാക്കി മാറ്റിയതിൽ അത്ഭുതത്തിന് അവകാശമില്ല. അത്ര വിലയേ അവർ പരിശുദ്ധ മൂറോന് നൽകിയിട്ടുള്ളു. ഈ ഭീഷണി ഭയന്ന് മലങ്കര സഭ, “*കടുകു തുളച്ച് അതിനകത്ത് ഒളിക്കുമെന്ന്*” വിശ്വസിച്ചവർക്കു തെറ്റി. മലങ്കര സഭ നിന്ന നിലയിൽത്തന്നെ നിൽക്കും. ഉറച്ചുതന്നെ.

രണ്ടാമതും മൂന്നാമതും മൂറോൻ പൂശണമെന്നു ജൽപ്പിക്കുമ്പോൾ, മലങ്കരസഭയിൽനിന്നും മാമോദീസായും മൂറോനും സ്വീകരിച്ച, ഇല്ലാത്ത സഭയിലെ “*വേദജ്ഞാനികളായ മെത്രാന്മാർ*” ഒന്നു ശ്രദ്ധിക്കണം. മലങ്കര സഭയുടെ മുഖ്യധാരയിൽ നിന്നും പുത്രവധുവായി വന്ന മരുമകളുടെ ഇടവകയിൽ നസ്രാണി പാരമ്പര്യമനുസരിച്ച് “*പൊക്കണവും കല്ലും കവിണി*”യുമായി തലതൊടാൻ പോകുന്ന പാവം “*അന്ത്യോഖ്യാ വിശ്വാസി*”യെ ഒന്നു പരിഗണിക്കണം. പട്ടമില്ലാത്ത “*കുപ്പായധാരി* ”ചൊല്ലിത്തരുന്ന വിശ്വാസ പ്രഖ്യാപനം ഏറ്റുചൊല്ലി ആ പൈതലിനെ സഭാംഗമാക്കേണ്ടി വരുന്ന തികഞ്ഞ അന്ത്യോഖ്യാ വിശ്വാസിയായ ആ ഹതഭാഗ്യന്റെ മനസിൽ എന്തായിരിക്കും?

അതു മാത്രമല്ല; റോമൻ കത്തോലിക്കാ, ആംഗ്ലിക്കൻ പാരമ്പര്യങ്ങൾ പോലെ സ്തിരീകരണത്തിനു മാത്രമല്ല സുറിയാനി പാരമ്പര്യത്തിൽ മൂറോൻ ഉപയോഗിക്കുന്നത്. മാമോദീസായുടേയും ഭാഗമാണ് വി. മൂറോൻ. മലങ്കരസഭയുടെ മൂറോൻ ത്യജിതമെങ്കിൽ അവരുടെ മാമോദീസായും വ്യർത്ഥ്യം. പിന്നെന്തിനു

അത് അംഗീകരിക്കണം? അതു മനസിലാകണമെങ്കിൽ കൂദാശാ ദൈവശാസ്ത്രത്തെക്കുറിച്ചു പ്രാഥമികജ്ഞാനമെങ്കിലും ഉണ്ടാകണം. അതില്ലല്ലോ. അതെങ്ങിനെ അറിയാൻ? കൊട്ടിഘോഷിക്കുന്ന "*അന്യോന്യാ വിശ്വസം*" നെസ്തോറിയൻ വേദവിപരീതമാണന്നു പോലും അറിയാത്ത അന്തർദേശീയ "*വേദശാസ്ത്രജ്ഞന്മാരാണ്*" പുത്തൻകുരിശു പ്രസ്ഥാനത്തിന്റെ പ്രണേതാക്കൾ.

പിന്നെ വിവാഹം. സാങ്കേതികമായി ഇപ്പോൾ മുൻ പാത്രിയർക്കീസ് വിഭാഗത്തിന്റെ കൈവശമിരിക്കുന്ന പള്ളികളിൽനിന്നും മലങ്കര സഭയ്ക്ക് ദേശകുറി സ്വീകരിക്കാനാവില്ല എന്നതാണ് സത്യം. നിയമാനുസൃത വികാരിയും കൈക്കാരനും ചേർന്നാണ് ദേശകുറി എഴുതേണ്ടത്. മുൻ യാക്കോബായ വിഭാഗം നിയമിച്ച ഒരു പട്ടക്കാരനും നിയമാനുസൃത വികാരിയല്ല. അതിനാൽത്തന്നെ കൈക്കാരനും. അവരെഴുതുന്ന ദേശകുറിക്ക് നിയമദൃഷ്ട്യാ കടലാസിന്റെ വില പോലുമില്ല! അനധികൃത കൈവശത്തിലിരിക്കുന്ന പള്ളികളിൽനിന്നും നിയമാനുസൃത വികാരിയുടെ ദേശകുറി മാത്രമേ സ്വീകരിക്കൂ എന്നു മലങ്കര സഭ തീരുമാനിച്ചാൽ അന്നു തീരും ദേശകുറി വിലക്ക്.

മറിച്ച്, മലങ്കരസഭയില ഒരു ഇടവകയിൽ നിന്നും ദേശകുറി ഏഴുതുന്നത് മലങ്കരസഭയിലെ ഒരു ഇടവകയിലേയ്ക്കു മാത്രമാണ്. അവിടെ വികാരിയുടെ പേര് അപ്രസക്തമാണ്. അവിടുത്തെ നിയമാനുസൃത വികാരി ആരാണോ അദ്ദേഹമാണ് അത് സ്വീകരിക്കേണ്ടത്. അല്ലാതെ ഒരിക്കലും പുത്തൻകുരിശു സൊസൈറ്റിക്ക് എഴുതില്ല. അധിനിവേശ കാഷ്മീർ പോലെ അനധികൃത കൈവശത്തിലിരിക്കുന്ന ഇടവകകളിലെ നിയമാനുസൃത വികാരിമാരുടെ ദേശകുറി മാത്രമേ സ്വീകരിക്കു എന്നു മലങ്കര സഭ കർശനമായ തീരുമാനമെടുത്താൽ അന്നു തീരുന്ന പ്രശ്നമേയുള്ളു.

മുമ്പ് ഈ ലേഖകൻ ചോദിച്ച ചോദ്യം ഒരിക്കൽക്കൂടെ ആവർത്തിച്ചുകൊള്ളട്ടെ. മലങ്കരസഭയിലെ എല്ലാ പള്ളികൾക്കും നിയമാനുസൃത വികാരിയെ ഭരണഘടനപ്രകാരം നിയമിച്ചിട്ടുണ്ട്. പ. സഭയിലേയ്ക്ക് മുൻ പാത്രിയർക്കീസ് വിഭാഗത്തിന്റെ കൈവശമിരിക്കുന്ന പള്ളികളിൽനിന്നും വിവാഹം നിശ്ചയിക്കുകയും ദേശകുറി നൽകാൻ വിസമ്മതിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ കടുത്ത പാത്രിയർക്കീസ് പക്ഷക്കാർ പോലും അവിടുത്തെ നിയമാനുസൃത വികാരിയെ സമീപിച്ച് ദേശകുറി വാങ്ങുന്നതിനെ തടയാനാവുമോ? ദേശകുറി ലഭിക്കാത്ത ആരെങ്കിലും കോടതിയെ സമീപിച്ചാലോ? "*യാക്കോബായ*" വികാരി സ്വമേധയാ പുറത്താവുകയാവും ഫലം.

ഇല്ലാത്ത *ജാക്കബൈറ്റ് സിറിയൻ ക്രിസ്ത്യൻ സഭ*"യുടെ മെത്രാപ്പോലീത്തൻ ട്രസ്റ്റിയുടെ അദ്ധ്യക്ഷതയിൽ കൂടിയ സുന്നഹദോസിന്റെ തീരുമാനം ഇല്ലാത്ത സഭയുടെ കാതോലിക്കാ (അതോ മപ്രിയായനയോ?) കല്പനമൂലം ശാശ്വതമാക്കിയപ്പോൾ തട്ടുകേടു കിട്ടിയത് അതേ "*ഇല്ലാത്ത സഭ*"യിലെ കത്തനാരുമാർക്കാണ്. ടി. കല്പനപ്രകാരം ഓർത്തഡോക്സ് ഭവനങ്ങളിൽ ഇനി ശവസംസ്ക്കാര ശുശ്രൂഷകൾക്കും മറ്റും കറുത്ത കുപ്പായം ഉപയോഗിക്കാൻ പാടില്ല. ഇനി ഓർത്തഡോക്സ് ബന്ധുവീടുകളിൽ - സ്വന്തം അമ്മായിയപ്പന്റെ ശവമടക്കിനു പോലും - അവർ വെറും പാന്റ്സും ഷർട്ടും ധരിച്ചു പോകേണ്ടിവരും! കാരണം മലങ്കരയിലെ കശ്ശീശാമാർ വെളുത്ത കുപ്പായം ധരിക്കുന്നത് 1875-ൽത്തന്നെ പത്രോസ് ത്രിതീയൻ പാത്രിയർക്കീസ് കർശനമായി നിരോധിച്ചിട്ടുണ്ട്! ഇപ്പോഴത്തെ കൽപ്പനയിൽ കറുത്തകുപ്പായം നഹി! പാത്രിയർക്കീസിന്റെ കല്പനയിൽ വെളുത്തകുപ്പായം നഹി!! വലഞ്ഞല്ലോ ദൈവമേ?

ഏതായാലും "*വിത്തെടുത്ത് കുത്തിയതുപോലെ*" ആയിപ്പോയി ഇപ്പോഴത്തെ ഉടക്കു കല്പന. 1975-ലെ പാത്രിയർക്കീസിന്റെ മുടക്ക് പ്രാബല്യപ്പെടുത്തിയത് 2020 ഓഗസ്റ്റിൽ "*മെത്രാപ്പോലീത്തൻ ട്രസ്റ്റി*"യുടെ ഇടവകയായ മുളന്തുരുത്തിപ്പള്ളി കോടതിവിധിപ്രകാരം ഭാഗികമായി സർക്കാർ നടത്തിയെടുത്തപ്പോഴാണ്. ഇപ്പോൾ പാശുപാതാസ്ത്രവും കയറി പ്രയോഗിച്ചു കഴിഞ്ഞു. ഇനി ആവനാഴിയിൽ അമ്പുകളൊന്നും ബാക്കിയില്ലല്ലോ? ഇനി മുളന്തുരുത്തിപ്പള്ളി വിധി നടത്തിപ്പ് പൂർണ്ണമാക്കുമ്പോഴും, ഒന്നിനുപുറകെ ഒന്നായി ഇതര പള്ളികളിൽ കോടതിവിധി പ്രാബല്യത്തിൽ വരുമ്പോഴും എന്തു ചെയ്യും?

1911 തുലാമാസത്തിൽ പരമസ്വാതികനായിരുന്ന മുറിമറ്റത്തിൽ മാർ ഈവാനിയോസ് (പിന്നീട് ഒന്നാം കാതോലിക്കാ) പിറവത്തുപള്ളിയിൽ വി. കുർബാന അർപ്പിച്ചുകഴിഞ്ഞ് അദ്ദേഹത്തെ മദ്ബാഹായിൽ ഇരുത്തിക്കൊണ്ടുതന്നെ കണ്ടനാട് ഭദ്രാസന ഭരണത്തിൽ നിന്നും ഒഴിവാക്കിയ അബ്ദുള്ളാ ദ്വിതീയൻ പാത്രിക്കീസിന്റെ കല്പന വായിച്ചു. പിറവത്തെ ചില കത്തനാരുമാരും പ്രമാണികളും ചേർന്നു സംഘടിപ്പിച്ചതാണെങ്കിലും അത് പരസ്യമായി വായിക്കാൻ അതേ കത്തനാരുമാർ വിസമ്മതിച്ചു. തുടർന്ന് ഒരു ശെമ്മാശനാണ് കല്പന വായിച്ചത്. ഇതു കേട്ട് ഹൃദയം തകർന്ന മാർ ഈവാനിയോസ് ഉഗ്രമായ ഒരു ശാപം പേരെടുത്തുപറഞ്ഞ് നടത്തി. "*...ഈ കല്പന എഴുതിയവൻ മറ്റൊരു കല്പനയും എഴുതാതെ പോകട്ടെ. അവൻ തൻെറ ആസ്ഥാനത്തു ചെന്നു പറ്റാൻ സാധിക്കാതെ കണ്ണു രണ്ടും പൊട്ടി ഇടയ്ക്കു*

*വച്ച് കാലഗതിയെ പ്രാപിക്കും. ഈ കല്പന ദേവാലയത്തിൽ കൊണ്ടുവന്നവനു കുഷ്ഠരോഗംപിടിക്കും. ഇതിവിടെ വായിച്ചവൻ പടിഞ്ഞാറോട്ടു തിരിഞ്ഞുനിന്ന് മറ്റൊന്നും വായിക്കാനിടയാകാതെ പോകട്ടെ...*'' ഇത്യാദി ആരംഭിച്ച ശാപവചനങ്ങളിൽ ആ കല്പന എഴുതിക്കാൻ ബദ്ധപ്പെട്ടവരും കൂട്ടുകൂടിയവരുമായ മറ്റു പല പ്രമുഖ വൈദികരെ സംബന്ധിച്ചും അദ്ദേഹം വ്യക്തമായ ചില പരാമർശനങ്ങൾ നടത്തി. അതെല്ലാം കൃത്യമായി പിൽക്കാലത്ത് സംഭവിച്ചു. അബ്ദുള്ള പാത്രിയർക്കിസ് മർദീനിൽ തിരിച്ചെത്താൻ സാധിക്കാതെ രണ്ടു കണ്ണിൻെറയും കാഴ്ച നഷ്ടപ്പെട്ട് യറുശലേമിൽ എത്തി അന്ത്യം പ്രാപിച്ചു. നിരോധന കല്പന പള്ളിയിൽ കൊണ്ടുവന്നയാളിനു പിന്നീട് കുഷ്ഠരോഗം പിടിപെട്ടു കൈകാലുകളുടെ വിരലുകൾ അറ്റുപോയി ദുരിതമനുഭവിച്ചു മരിച്ചു. കല്പന വായിച്ച ശെമ്മാശൻ അധികനാൾ കഴിയുന്നതിനു മുമ്പു കത്തനാരാകതെ മരിച്ചു. അതുപോലെ ബന്ധപ്പെട്ട എല്ലാവർക്കും അദ്ദേഹം വൃണിതഹൃദയനായി കല്പിച്ച വാക്കുകളെല്ലാം ഫലിച്ചതായിട്ടാണ് ചരിത്രം.

പരിശുദ്ധാത്മാവിനു വിരുദ്ധമായ 26 - 10 - 2020 കല്പനയുടെ സ്ഥിതിയും വ്യത്യസ്ഥമല്ല. ''*ഈ കല്പന പ്രാവർത്തികമാക്കുന്നവർ....*'' എന്നുകൂടി കൂട്ടിച്ചേർക്കണമെന്നുമാത്രം.

ഒരു സംശയം മാത്രം ബാക്കി നിൽക്കുന്നു. ''*വിവേകപൂർവം പ്രയോഗിക്കണം*'' എന്ന് 2020 ഓഗസ്റ്റ് 20-ലെ തീരുമാനങ്ങൾ പ്രഖ്യാപിച്ചുകൊണ്ട് നിർദ്ദേശിച്ച മുൻ യാക്കോബായ വിഭാഗം സുന്നഹദോസ് സെക്രട്ടറിയെ വെട്ടാനാണോ ഇപ്പോൾ ചാക്രിക ലേഖനം പുറപ്പെടുവിച്ചത്? കല്പനയിൽ പ്രതിപാദിക്കുന്നതുപോലെ അന്ത്യോഖ്യാ പാത്രിയർക്കീസ് ഇഗ്നാത്തിയോസ് അപ്രേം ദ്വിതീയന് ഇതിനെക്കുറിച്ച് വല്ല അറിവുമുണ്ടോ?